പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T * 86 — 08.03.2012 ൽ മറുപടിയ്ക്ക്

## ഇ-സ്റ്റാമ്പിംഗ് സംവിധാനം

**ചോദ്യം**

ശ്രീ.കെ.അച്ചുതൻ
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ.ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്.

(ബി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം;

(ബി) താഴ്ന്ന വിലയ്ക്കുള്ള മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ്, വ്യാജ മുദ്ര പത്രങ്ങൾ, വ്യാജ മുദ്ര പത്രങ്ങൾ തിരിച്ചറിയുന്നതിനുള്ള സംവിധാനമില്ലായ്മ, മുദ്ര പത്രങ്ങൾ അച്ചടിക്കുന്നതിനും സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും വേണ്ടി വരുന്ന ഭീമമായ ചെലവ് തുടങ്ങി നിലവിലുള്ള മുദ്ര പത്ര നിർമ്മാണ / വിതരണ സംവിധാനത്തിൽ കാണപ്പെടുന്ന അപാകതകൾ ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതു വഴി ഒഴിവാക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്.

| | |
|---|---|
| (സി) വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ ഇത് നടപ്പാക്കാൻ ശ്രമിക്കുമോ? | (സി) ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ